പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1012

**05.02.2020 -ലെ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എം.കെ. മുനീർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളാനുകൂല്യങ്ങൾ തുടർച്ചയായി നൽകാതിരിക്കുന്നതിനെതിരെ തൊഴിൽ വകുപ്പ് ഇടപെടൽ നടത്താറുണ്ടോ; വിശദമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് മാനേജ്മെന്റും യൂണിയനുകളും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്ന സമയത്ത് തൊഴിൽ വകുപ്പ് ഇടപെടുകയും മാനേജ്മെന്റ്-യൂണിയനുകൾ എന്നിവരുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം കാണുകയും ചെയ്യാറുണ്ട്. |
| ബി) കെ.എസ്.ആർ.ടി.സി.യിൽ വിവിധ ആരോഗ്യപ്രശ്നങ്ങളുള്ള കണ്ടക്ടർമാരുടെ ശമ്പളം ഒന്നരകൊല്ലത്തിലധികമായി നൽകാതിരിക്കുന്നത് തൊഴിൽ നിയമത്തിന്റെ ലംഘനമാണെന്ന് നിയമത്തിലോ/ ചട്ടത്തിലോ വ്യവസ്ഥയുണ്ടോ; അല്ലെങ്കിൽ ഈ നടപടി ഏതെങ്കിലും അർത്ഥത്തിൽ നീതിയാണെന്ന് ഈ സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി)യും കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നത്. ഫണ്ടിന്റ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത തുകകൾ വിതരണം ചെയ്യുന്നതാണ്. |
| സി) പൂർണ്ണാരോഗ്യവസ്ഥയിലല്ലാത്ത ഇത്തരക്കാർ ജോലി നോക്കിയ പ്രതിമാസ ശമ്പളം, പൂർണ്ണദിവസവും തൊഴിൽ നോക്കുന്നവരുടെ ശമ്പളത്തിനൊപ്പം നൽകുന്നതിന് നിർദ്ദേശം നൽകുന്നതിന് തയ്യാറാകുമോ; എങ്കിൽ എന്നേക്ക് നൽകുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ